8732

ഡി.ആർ. 59638/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
14-08-2017

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം-വിദ്യാരംഗം കലാസാഹിത്യവേദി-ചലച്ചിത്ര അക്കാദമി-അദ്ധ്യാപകർക്കുവേണ്ടിയുള്ള സിനിമ-തിരക്കഥാ ശില്പശാല സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദി കേരള ചലച്ചിത്ര അക്കാദമിയുമായി സഹക
രിച്ച് അദ്ധ്യാപകർക്കുവേണ്ടി സിനിമ-തിരക്കഥാ ശില്പശാല നടത്താൻ തീരുമാനിച്ചി
രിക്കുന്നു. 2017 ഒക്ടോബർ 27, 28, 29 തീയതികളിൽ തിരുവനന്തപുരത്തു വച്ചായി
രിക്കും ശില്പശാല നടക്കുക. ശില്പശാലയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സിനി
മയിൽ താല്പര്യമുള്ള അദ്ധ്യാപകർ 'സിനിമയെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാട്' എന്ന
വിഷയത്തെ അടിസ്ഥാനമാക്കി അഞ്ചു പേജിൽ കവിയാത്ത ഒരു കുറിപ്പ് തയ്യാറാക്കി
2017 സെപ്റ്റംബർ 30-നു മുമ്പായി എഡിറ്റർ, വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. രചനകളുടെ
അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതിയായിരിക്കും ശില്പശാലാംഗങ്ങളെ നിശ്ചയി
ക്കുക. അയയ്ക്കുന്ന കവറിനു പുറത്ത് 'സിനിമയെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാട്' എന്ന്
രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ പ്രധാന അദ്ധ്യാപകർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന)

പുറത്തെഴുത്ത് നമ്പർ -ജെ6/11160/2017(3) തിയ്യതി 23.08.2017

മേൽ സർക്കുലറിന്റെ പകർപ്പ് എല്ലാ ജില്ലാ/ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു.

പുറത്തെഴുത്ത് നമ്പർ ഡ5/8732/2017
തീയതി 19.9.17

വിദ്യാഭ്യാസ ഉപഡയറക്ടർ,തൃശ്ശൂർ

ഇതിന്റെ പകർപ്പ് എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും ആവശ്യമായ നടപടികൾക്കുമായി നൽകുന്നു

19/9/17